**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - വിവിധ കാരണങ്ങളാൽ തടഞ്ഞുവെക്കപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ അർഹരായവർക്ക് 2018 ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിലെ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.7858/2018/ധന.** **തീയതി, തിരുവനന്തപുരം,19/09/2018**

---

പരാമർശം :- 1) സ ഉ (സാധാ) 6832/2018/ധന തീയതി 10/08/2018.

2) സ ഉ (സാധാ) 7159/2018/ധന തീയതി 21/08/2018.

3) 03/08/2018 തീയതിയിലെ 878985/എസ് എഫ് സി ബി2/18/ധന നമ്പർ കത്ത്.

4) 19/09/2018 തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ പി എ എൻ/20710/2018- ഡി ബി റ്റി1(ഡി പി) നമ്പർ കത്ത്.

## ഉത്തരവ്

2018 ഏപ്രിൽ, മേയ്, ജൂൺ. ജൂലൈ വരെയുള്ള സമൂഹ്യ സുരക്ഷാ പെൻഷൻ പരാമർശം ഒന്നു പ്രകാരം അനുവദിച്ചിട്ടുണ്ട്. വിവിധ കാരണങ്ങളാൽ തടഞ്ഞുവെയ്ക്കപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ അർഹരായവർക്ക് 2018 ഏപ്രിൽ, മേയ്, ജൂൺ. ജൂലൈ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് 9,65,58,400/ രൂപ (ഒമ്പത് കോടി അറുപത്തിഅഞ്ച് ലക്ഷത്തി അമ്പത്തിഎട്ടായിരത്തി നാന്നൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വിവിധ കാരണങ്ങളാൽ തടഞ്ഞുവെയ്ക്കപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ അർഹരായവർക്ക് 2018 ഏപ്രിൽ, മേയ്, ജൂൺ. ജൂലൈ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് ആവശ്യമായ 9,65,58,400/ രൂപ (ഒമ്പത് കോടി അറുപത്തിഅഞ്ച് ലക്ഷത്തി അമ്പത്തിഎട്ടായിരത്തി നാന്നൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനിലും 2018 ഏപ്രിൽ, മേയ്, ജൂൺ. ജൂലൈ വരെയുള്ള നാലുമാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ 5,09,36,000/- രൂപ (അഞ്ച് കോടി ഒമ്പത് ലക്ഷത്തി

മുപ്പത്തിയാറായിരം രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ നിന്നും (എസ് ബി അക്കൗണ്ട് നമ്പർ 67234515304, (IFS Code : SBIN 0070028) , സാമൂഹ്യ സുരക്ഷാ പെൻഷൻ നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ 4,56,22,400/- രൂപ (നാല് കോടി അമ്പത്തിആറ് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നാനൂറ് രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 799012100000001) അവശേഷിക്കുന്ന തുകയിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുവാദം നൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന തുക പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടും ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി ബി ടി സെല്ലിനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ .ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
കേരള സംസ്ഥാന സഹകരണ ബാങ്ക്, ഹെഡ് ഓഫീസ് ബ്രാഞ്ച്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

2018 ഏപ്രിൽ മുതൽ ജൂലൈ വരെ പെൻഷൻ വിതരണത്തിനു വേണ്ടി വരുന്ന തുകയുടെ വിശദാംശങ്ങൾ (19/09/2018 തീയതി പ്രകാരം)

| തദ്ദേശ സ്വയംഭരണ സ്ഥാപനം | പെൻഷൻ ഇനം | ബാങ്ക് (രൂപ) | ഡയറക്റ്റ് ടു ഹോം (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| മുനിസിപ്പാലിറ്റി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6022400 | 5728800 | 11751200 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 966400 | 1132000 | 2098400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1522400 | 1386000 | 2908400 |
| | കർഷക തൊഴിലാളി പെൻഷൻ | 286000 | 536800 | 822800 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 74800 | 123200 | 198000 |
| | **ആകെ** | **8872000** | **8906800** | **17778800** |
| മുനിസിപ്പൽ കോർപ്പറേഷൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 9200400 | 6380000 | 15580400 |
| | ഇന്ദിരാഗാന്ദി ദേശീയ വികലാംഗ പെൻഷൻ | 1126400 | 792400 | 1918800 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 4149200 | 2094400 | 6243600 |
| | കർഷക തൊഴിലാളി പെൻഷൻ | 453200 | 484000 | 937200 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 462000 | 396000 | 858000 |
| | **ആകെ** | **15391200** | **10146800** | **25538000** |
| ഗ്രാമപഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16234000 | 15520000 | 31754000 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 4199600 | 4272800 | 8472400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 4338400 | 3577200 | 7915600 |
| | കർഷക തൊഴിലാളി പെൻഷൻ | 1707200 | 3049200 | 4756400 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 193600 | 149600 | 343200 |
| | **ആകെ** | **26672800** | **26568800** | **53241600** |
| ആകെ | | **50936000** | **45622400** | **96558400** |